കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായികതാരങ്ങൾക്കും സർക്കാർ സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും ശാരീരികക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോക്ഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പയ്യനാട് സ്പോർട്സ് കോംപ്ലക്സിന്റെ പ്രവർത്തനം

288(1273) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സിൽ ഹോക്കി ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം, സിന്തറ്റിക് ട്രാക്ക് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ മലപ്പുറം ജില്ലാ സ്റ്റേഡിയമായ മൊയ്ദീൻകുട്ടി ഇൻഡോർ സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഹോക്കി കോർട്ട്, സ്വിമ്മിംഗ് പൂൾ, കോംപ്ലക്സ്, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ എന്നീ കായിക സൗകര്യങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

289(1274) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സായ ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയം ചേവായൂർ കൃഷ്ണരോഗ ആശുപത്രി കോമ്പൗണ്ടിൽ കായിക വകുപ്പിന് കൈമാറി കിട്ടിയിട്ടുള്ളതുമായ 5 ഏക്കർ സ്ഥലത്താണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നടുവണ്ണൂർ വോളിബോൾ അക്കാദമി

290(1275) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുവരുന്ന നടുവണ്ണൂർ വോളീബോൾ അക്കാഡമിയുടെ സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ 85% പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ ഫയർ & സേഫ്റ്റി വർക്കുകളും പേവർ ബ്ലോക്ക് ഫ്ളോറിംഗുമാണ് ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ആഗസ്റ്റ് മാസം അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവൃത്തിയുടെ സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളായ മേപ്പിൾവുഡ് ഫ്ളോറിംഗും സിന്തറ്റിക് കോർട്ടും നിർമ്മിക്കുന്നതിന് വേണ്ട നാലാമത്തെ റീ-ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. മേപ്പിൾവുഡ് ഫ്ളോറിംഗ്, സിന്തറ്റിക് ഫ്ളോറിംഗ് എന്നീ പ്രവൃത്തികൾകൂടി പൂർത്തീകരിച്ചാൽ മാത്രമേ അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) അക്കാഡമിയിൽ കായിക താരങ്ങൾക്ക് പരിശീലനം ആരംഭിക്കുന്നതിനായി എന്തെല്ലാം അനുബന്ധ സൗകര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്; ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly